## റിപ്പോർട്ടുകളുടെ സമർപ്പണം

1. വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2018-2019 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2018-2019 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്, 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് എന്നിവ സമർപ്പിക്കുന്നു.

2. മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2018-2019 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി

V-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2018-2019 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്, 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് എന്നിവ സമർപ്പിക്കുന്നു.

3. സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ 2019-ലെ കേരള ധനകാര്യ ബില്ലിനെ സംബന്ധിച്ച കമ്മിറ്റിയുടെ റിപ്പോർട്ട്

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2019-ലെ കേരള ധനകാര്യ ബില്ലിനെ സംബന്ധിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിക്കുന്നു.

4. തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2018-2019 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച

സബ്ജക്ട് കമ്മിറ്റി IX ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2018-2019 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്, 2018 ഏപ്രിൽ 1 മുതൽ 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് എന്നിവ സമർപ്പിക്കുന്നു.

5. <u>പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച കമ്മിറ്റിയുടെ തൊണ്ണൂറ്റി അഞ്ച് മുതൽ തൊണ്ണൂറ്റി ഏഴ് വരെയുള്ള റിപ്പോർട്ടുകൾ</u>

<u>ശ്രീ. സി. ദിവാകരൻ:</u> സർ, പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ തൊണ്ണൂറ്റി അഞ്ച് മുതൽ തൊണ്ണൂറ്റി ഏഴ് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

6. <u>പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ ഏഴും എട്ടും റിപ്പോർട്ടുകൾ</u>

<u>ശ്രീ. കെ. വി. അബ്ദുൾഖാദർ</u>: സർ, പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഏഴും എട്ടും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

<u>മി. സ്പീക്കർ:</u> റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.